**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 140** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>പൊതുജനാരോഗ്യ മേഖലയെ സംബന്ധിച്ച അവമതിപ്പ് പരിഹരിക്കുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് ഡോക്ടർമാരുടെ അഭാവം, വിദഗ്ധരുടെ കുറവ്, സർക്കാർ ആശുപത്രികളിൽ മരുന്നുകളുടെയും ഉപകരണങ്ങളുടെയും വിതരണം തടസ്സപ്പെടുന്നുവെന്ന റിപ്പോർട്ടുകൾ, ചികിത്സാപിഴവുകൾ, ആശുപത്രി കെട്ടിടങ്ങൾ തകർന്ന് വീഴുക എന്നിവ പൊതുജനാരോഗ്യ മേഖലയിലുള്ള ജനവിശ്വാസം ദുർബലമാക്കിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** മുൻ സർക്കാരിന്റെ കാലത്ത് ആരോഗ്യവകുപ്പിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ മരുന്നുകളുടെയും ഉപകരണങ്ങളുടെയും വിതരണം തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ആരോഗ്യവകുപ്പിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം നടത്തിയും, ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ അധിക തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിച്ചു വരികയും ചെയ്യുന്നു. പുതിയ മെഡിക്കൽ കോളേജുകൾ സംസ്ഥാനത്ത് നിലവിൽ വന്ന സാഹചര്യത്തിൽ കൂടുതൽ ഡോക്ടർമാരുടെ സേവനം ആവശ്യമായി വന്നിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിലേക്കായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. കൂടാതെ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തിയും NHM/LSGD/KASP/HDS വഴി താല്ക്കാലിക നിയമനം നടത്തിയും പൊതുജനങ്ങൾക്കായി സേവനങ്ങൾ തടസ്സമില്ലാതെ നൽകി വരുന്നുണ്ട്. മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി KMSCL വഴി കേന്ദ്രീകൃത രീതിയിൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. പെട്ടെന്നുണ്ടാകുന്ന മരുന്നുകളുടെ ദൗർലഭ്യം മറികടക്കുന്നതിനായി HDS മുതലായ സംവിധാനങ്ങൾ വഴി വാങ്ങുന്നതിനുള്ള നടപടിയും എടുക്കുന്നുണ്ട്.

ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ കൃത്യമായ സമയത്ത് നടത്തുന്നതിനായി ഉപകരണങ്ങളുടെ ഇൻവെന്ററി സോഫ്റ്റ് വെയർ വാങ്ങുകയും എല്ലാ ആശുപത്രി ഉപകരണങ്ങളെയും സോഫ്റ്റ് വെയറിൽ 'മാപ്പ്' ചെയ്തിട്ടുണ്ട്. ഉപകരണങ്ങൾക്കുണ്ടാകുന്ന ചെറിയ അറ്റകുറ്റപ്പണികൾ താമസമില്ലാതെ നടത്തുന്നതിന് HDS, മറ്റ് തനത് ഫണ്ടുകൾ ഉപയോഗിക്കുന്നതിനുള്ള നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ കെട്ടിടം തകർന്നുവീണ സാഹചര്യത്തിൽ കാലപ്പഴക്കംചെന്ന കെട്ടിടങ്ങൾ ഉപയോഗയോഗ്യമാണോ എന്ന വിവരം ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. പി.ഡബ്ല്യു.ഡി നിർദേശപ്രകാരം ഉപയോഗിക്കാൻ കഴിയുന്ന കെട്ടിടങ്ങളിൽ മാത്രം പ്രവർത്തനം നടത്തുവാനുള്ള നിർദേശം നൽകിയിട്ടുമുണ്ട്.

**(ബി)** പ്രസ്തുത കാലയളവിൽ ചികിത്സാപിഴവുകൾ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുള്ള എത്ര കേസുകൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ചികിത്സാപിഴവ് മൂലം മരണങ്ങൾ ഉണ്ടായിട്ടുള്ളതായി ആരോപിച്ച് ലഭിച്ചിട്ടുള്ള പരാതികൾ, ചികിത്സാപിഴവ് കണ്ടെത്തിയിട്ടുള്ള കേസുകൾ എന്നിവ എത്രയുണ്ട്; ഈ വിഷയത്തിൽ ഡോക്ടർമാർ, ആരോഗ്യ വകുപ്പ് ജീവനക്കാർ എന്നിവർക്ക് എതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ, എത്ര പേർക്കെതിരെ, ഏതെല്ലാം കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** വിവരം ശേഖരിച്ചു വരുന്നു.

**(സി)** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രോഗികൾക്കും പൊതുസമൂഹത്തിനും സംസ്ഥാനത്തെ പൊതുജനാരോഗ്യ മേഖലയെ സംബന്ധിച്ച് ഉണ്ടായിട്ടുള്ള അവമതിപ്പ് ഇല്ലാതാക്കുന്നതിനും ആരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** സർക്കാർ ആശുപത്രികളിൽ അവശ്യമരുന്നുകളുടെയും മറ്റ് ജീവൻ രക്ഷാഔഷധങ്ങളുടെയും ലഭ്യത ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ചികിത്സാ പിഴവുകൾ സംബന്ധിച്ച് പരാതികൾ ഉണ്ടായിട്ടുണ്ട്. ഇത്തരം വിഷയങ്ങൾ ആവർത്തിക്കാതിരിക്കാൻ കൂടുതൽ കാര്യക്ഷമതയോടും ശ്രദ്ധയോടും കൂടിയുള്ള ഇടപെടലുകൾ എല്ലാ തലത്തിലും നടത്തുന്നതാണ്.

**സെക്ഷൻ ഓഫീസർ**